## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1923 | 07.12.2015-ലെ മറുപടിയ്ക്ക് |
|---|---|

## ധനകാര്യവകുപ്പിന് കീഴിൽ നികുതി മേൽനോട്ടസമിതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ.ടി.എം.തോമസ് ഐസക് | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | 2011-12 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ധനകാര്യവകുപ്പിന് കീഴിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന നികുതി മേൽ നോട്ടസമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ആരംഭിച്ചത് ; | (എ) | നികുതി വകുപ്പിന്റെ കീഴിൽ നികുതി മേൽനോട്ട സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആദ്യ യോഗം 21-12-2011-ാം തീയതിയിൽ ചേർന്നു. |
| (ബി) | നിലവിൽ ഈ സമിതിയിൽ എത്ര അംഗങ്ങൾ ഉണ്ട് ; അവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) | 17 അംഗങ്ങൾ. വിവരം ചുവടെ കൊടുക്കുന്നു.<br><br>1. ധനകാര്യ മന്ത്രി, ചെയർമാൻ<br>2. ധനകാര്യ വകുപ്പ് സെക്രട്ടറി, വൈസ് ചെയർമാൻ<br>3. നികുതി വകുപ്പ് സെക്രട്ടറി, കൺവീനർ<br>4. നിയമ വകുപ്പ് സെക്രട്ടറി<br>5. ഡയറക്ടർ, ഗിഫ്റ്റ്<br>6. വാണിജ്യ നികുതി വകുപ്പ് കമ്മീഷണർ<br>7. എക്സൈസ് വകുപ്പ് കമ്മീഷണർ<br>8. കമ്മീഷണർ, ഗതാഗത വകുപ്പ്.<br>9. ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്<br>10.ഡോ. രാമലിംഗം, അസോസിയേറ്റ് പ്രൊഫസർ, ഗിഫ്റ്റ് |

| | | | |
|---|---|---|---|
| | | | 11.ഡോ. തോമസ് ജോസഫ് തൂംകുഴി, രജിസ്ട്രാർ, ഗിഫ്റ്റ്<br>12.നികുതി വകുപ്പ്, സ്പെഷ്യൽ ഗവ. പ്ലീഡർ, ഹൈക്കോടതി<br>13.ശ്രീ. ആർ.കൃഷ്ണ അയ്യർ, ചാർട്ടേഡ് അക്കൌണ്ടന്റ്<br>14.ശ്രീ. ഇ.എം.നജീബ്, എയർ ട്രാവൽസ് & എന്റർപ്രൈസസ്, തിരുവനന്തപുരം.<br>15.ശ്രീ. എ.ബാബു, ചാർട്ടേഡ് അക്കൌണ്ടന്റ്<br>16.ശ്രീ. വക്കച്ചൻ മറ്റത്തിൽ, എക്സ് എം.പി.<br>17.ശ്രീ. ആനന്ദ കുമാർ, തിരുവനന്തപുരം. |
| (സി) | ഈ സമിതി ,രൂപീകരണ ശേഷം ഇതുവരെയുള്ള കാലയളവിൽ എത്ര തവണ യോഗം ചേർന്നിട്ടുണ്ട്; | (സി) | 8 തവണ |
| (ഡി)<br><br><br><br>(ഇ) | ഓരോ യോഗത്തിലും വിശകലനം ചെയ്ത വിഷയങ്ങളും സർക്കാരിന് നല്കിയ നിർദ്ദേശ ങ്ങളും വിശദമാക്കാമോ ;<br><br>ഇവയിൽ സർക്കാർ നടപ്പിലാക്കിയതും അല്ലാത്തതുമായ നിർദ്ദേശങ്ങൾ ; ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | (ഡി)<br>&<br>(ഇ) | ഓരോ യോഗത്തിലും വിശകലനം ചെയ്ത വിഷയങ്ങളും സമിതിയുടെ നിർദ്ദേശങ്ങളും (നടപ്പിലാക്കിയതും അല്ലാത്തതുമായവ) അനുബന്ധം ആയി ചേർക്കുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

1. നികുതി മേൽ നോട്ട സമിതി 21.12.11-ാം തീയതി ആദ്യ യോഗം ചേർന്നു. പ്രസ്തുത യോഗം നികുതി മേഖല പരിഷ്കരിക്കുന്നതിനും നികുതി നിർവഹണം കാര്യക്ഷമമാക്കുന്നതിനും വേണ്ട ആശയം രൂപീകരിക്കേണ്ടതിനെക്കുറിച്ച് വിശകലനം ചെയ്തു.

2. 12.03.12 ൽ കൂടിയ രണ്ടാമത്തെ യോഗത്തിൽ നികുതി സമാഹരണം ഊർജ്ജിതമാക്കുന്നതിലേക്കായി സാദ്ധ്യമായ എല്ലാ നടപടികളും കൈക്കൊള്ളേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

3. 22.08.2012 – ൽ ചേർന്ന മൂന്നാമത്തെ യോഗം 2012-13 വർഷം ആദ്യ ക്വാർട്ടറിലെ ടാർഗറ്റ് നേടിയെടുക്കാൻ സാധിച്ചെങ്കിലും നികുതി നിരക്ക് 1% വീതം വർദ്ധിപ്പിച്ചതിനാൽ വരുമാനത്തിൽ ഇനിയും പുരോഗതി കൈവരിക്കാൻ കഴിയുമെന്നും നികുതി ശൃംഖല വർദ്ധിപ്പിക്കുന്നതിലേക്കും നികുതി ചോർച്ച തടയുന്നതിനുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകൾ തമ്മിലും വിവരങ്ങൾ കൈമാറുന്നതിന് ഒരു സംവിധാനം ഉണ്ടാക്കണമെന്നതിനെ കുറിച്ച് വിശകലനം ചെയ്തു.

4. 22.04.2013 – ൽ ചേർന്ന നാലാമത്തെ യോഗം മദ്യത്തിന്റെ വില്പനയിൽ വന്ന കുറവും പെട്രോൾ/ഡീസൽ വില കൂട്ടിയപ്പോൾ കൂടിയ നികുതി തുക വേണ്ടെന്നു വയ്ക്കുകയും ചെയ്തതിനാൽ VAT കളക്ഷനിൽ ലക്ഷ്യം നേടാൻ സാധിച്ചുവെങ്കിലും Non-VAT കളക്ഷനിൽ കുറവുണ്ടായതായി കണ്ടെത്തി. പെട്രോൾ/ഡീസൽ നികുതി വർദ്ധന ഒഴിവാക്കിയതിലൂടെ 2012-13 വർഷത്തേതിൽ നിന്നും ഏകദേശം 400 കോടി രൂപയുടെ വരുമാന നഷ്ടമുണ്ടായി. കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ നിന്നുമുള്ള വരുമാനത്തിലും 400 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ടെന്നുള്ള കാര്യവും നിരീക്ഷിച്ചു. ആയതിനാൽ നികുതി ചോർച്ച ഉണ്ടാകാത്ത വിധത്തിൽ ഓരോ ക്വാർട്ടറിലും നികുതി നിരക്ക് പരിഷ്കരിക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു. കൂടാതെ 10 ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വിറ്റുവരവുള്ള രജിസ്ട്രേഷനെടുക്കാത്ത വ്യാപാരികളെ നികുതി

ശൃംഖലയിൽ കൊണ്ടുവരുന്നതിനു വേണ്ടി മാധ്യമങ്ങളിലൂടെ വിപുലമായ പ്രചാരണം നടത്തണമെന്നും നിർദ്ദേശമുണ്ടായി.

5. 24.07.2013- ൽ ചേർന്ന അഞ്ചാമത്തെ യോഗം വ്യാപാരികളെക്കൊണ്ട് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കുന്നതിലൂടെയും Amnesty scheme നടപ്പിൽ വരുത്തുന്നതിലൂടെയും 50 കോടി രൂപ അധികമായി സമാഹരിക്കുവാൻ കഴിയുമെന്ന് വിലയിരുത്തി.

6. 03.01.2014 – ൽ ചേർന്ന ആറാമത്തെ യോഗത്തിൽ നികുതി വരുമാനത്തിൽ ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചിരുന്ന IMFL-ന്റെയും മോട്ടോർ വാഹനങ്ങളുടേയും നികുതിയിലുള്ള കുറവുകൊണ്ടാണ് വില്പന നികുതി വരുമാനത്തിൽ ഗണ്യമായ കുറവു വരുന്നതെന്ന് വിലയിരുത്തി. കൂടാതെ, റബ്ബർ, സിമന്റ്, iron & steel തുടങ്ങിയവയുടെ നികുതി വരുമാനത്തിൽ കാര്യമായ നേട്ടമുണ്ടായിട്ടില്ലായെന്നും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ നികുതിച്ചോർച്ച തടയുന്നതിലേക്കായി shop inspection നടത്തണമെന്നും, ആഡിറ്റ് സ്റ്റേറ്റ്മെന്റ് പരിശോധന നടത്തണമെന്നും CST assessment പൂർത്തിയാക്കണമെന്നും audit visit നടത്തണമെന്നും നിർദ്ദേശിച്ചു. റവന്യൂ റിക്കവറി കളക്ഷൻ, വാണിജ്യ നികുതി ഓഫീസർമാരുടെ നികുതി പിരിവ് എന്നിവ ഫലപ്രദമായി നിരീക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

7. 24.07.2014 ൽ ചേർന്ന ഏഴാമത്തെ യോഗം പ്രധാനമായും നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി തിരുവനന്തപുരം എറണാകുളം പാലക്കാട് റയിൽവേ സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്നതുപോലുള്ള facilitation centre-കൾ മറ്റ് പ്രധാന റയിൽവേ സ്റ്റേഷനുകളിലും എയർപോർട്ടുകളിലും കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അതു പോലെ, തുറമുഖ വകുപ്പിന്റെ സഹകരണത്തോടു കൂടി കൊല്ലം, അഴീക്കൽ എന്നീ തുറമുഖങ്ങളിലും facilitation centre-കൾ തുടങ്ങണമെന്നും നിർദ്ദേശിച്ചു. ഇന്റലിജൻസ് സ്ക്വാഡിന്റെ കാര്യക്ഷമത കൂട്ടുന്നതിലേക്കായി വാഹനങ്ങളിൽ GPS സംവിധാനം ഘടിപ്പിക്കുന്നതിനെക്കുറിച്ചും പ്രസ്തുത യോഗം ചർച്ച ചെയ്തു. കൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്ന് ഉത്സവകാലങ്ങളിൽ വരുന്ന casual traders നെയും നികുതി വലയത്തിൽ കൊണ്ട് വരണമെന്ന് തീരുമാനിച്ചു.

നികുതി വെട്ടിപ്പ് തടയുന്നതിന്റെ ഭാഗമായി വ്യാപാരിയുടെ ധനപരമായ എല്ലാ ഇടപാടുകളും നിരീക്ഷിക്കുന്നതിലേക്കായി $360^0$ monitoring system നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

8. 12.02.15 ൽ ചേർന്ന എട്ടാമത്തെ യോഗത്തിൽ ഓരോ വകുപ്പിനും നിശ്ചയിച്ചിട്ടുള്ള ടാർഗറ്റും അത് നേടുന്നതിനുവേണ്ടി സ്വീകരിക്കേണ്ട നടപടികളെകുറിച്ചും ചർച്ച ചെയ്തു. അതുപോലെ chicken, plywood, cardamom, iron & steel എന്നിവയുടെ നീക്കവും വ്യാപാരവും നിരീക്ഷിക്കണമെന്നും നികുതി വെട്ടിപ്പ് തടയാൻ വേണ്ട നടപടികൾ ഫലപ്രദമായി നടപ്പിലാക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

പ്ലൈവുഡിന് ചെക്ക് പോസ്റ്റിൽ മുൻകൂർ നികുതി ഈടാക്കുന്നുണ്ടെന്നും online delivery note വന്നതിനു ശേഷം iron & steel ലെ നികുതി വെട്ടിപ്പ് ഒരു പരിധി വരെ തടയാൻ കഴിഞ്ഞിട്ടുണ്ടെന്നും സമിതി വിലയിരുത്തി. കൂടുതൽ വ്യാപാരികളെ നികുതി ശൃംഖലയിൽ കൊണ്ടുവരുന്നതിലേക്കായി പുതിയ രജിസ്ട്രേഷൻ എടുക്കുന്നതിലേക്കായി വ്യാപാര സ്ഥാപനത്തിന്റെ വാടകച്ചീട്ട് ഹാജരാക്കണമെന്ന വ്യവസ്ഥ, വൻ കിട വ്യാപാര മാളുകളിൽ പ്രവർത്തിക്കുന്ന ചെറുകിട കച്ചവട സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിനു തടസമായതിനാൽ ഈ വ്യവസ്ഥ ലഘൂകരിച്ച് അത്തരം വ്യാപാരികൾക്കു കൂടി അനായാസേന രജിസ്ട്രേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും തീരുമാനിച്ചു.

<u>നടപ്പിലാക്കിയ നിർദ്ദേശങ്ങൾ</u>

1) നികുതി ശൃംഖല വർദ്ധിപ്പിക്കുന്നതിലേക്കും നികുതി ചോർച്ച തടയുന്നതിനുമായി എല്ലാ വകുപ്പുകൾ തമ്മിലും വിവരങ്ങൾ കൈമാറുന്നതിനായി വാണിജ്യ നികുതി വകുപ്പും കേന്ദ്ര സർക്കാർ വകുപ്പുകളായ Income Tax, Customs & Central Excise, Directorate of Revenue Intelligence, Director General of Foreign Trade എന്നിവർ ചേർന്ന Joint Working Group രൂപീകരിച്ചിട്ടുണ്ട്.

2) നികുതി ചോർച്ച ഉണ്ടാകാത്ത വിധത്തിൽ ഓരോ ക്വാർട്ടറിലും നികുതി നിരക്ക് പരിഷ്കരിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 01/01/2015 തീയതിയിലെ "Kerala Taxation Law (Amendment) Act, 2014 എന്ന നിയമത്തിലൂടെ നികുതി പരിഷ്കാരം കൊണ്ട് വന്നിട്ടുണ്ട്.

3) മൂല്യവർദ്ധിത നികുതി വരുന്നതിന് മുമ്പുള്ള കുടിശ്ശികകൾ തീർക്കുന്നതിനായും വിവിധ മേഖലകളിൽ നിന്നുള്ള ആവശ്യം പരിഗണിച്ചും ആംനസ്റ്റി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 31.12.2013 വരെയായിരുന്നു കാലാവധിയെങ്കിലും 31.08.2014 വരെ കാലാവധി ദീർഘിപ്പിച്ചിരുന്നു.

4) നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി കൊല്ലം, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ facilitation centre-കൾ ആരംഭിച്ചിട്ടുണ്ട്.

5) സമിതിയുടെ നിർദ്ദേശപ്രകാരം casual traders-മേലും നികുതി ഈടാക്കുന്നതിനായി അവരെക്കൊണ്ട് താൽക്കാലിക രജിസ്ട്രേഷൻ എടുപ്പിക്കുകയും കൈവശമുള്ള സ്റ്റോക്കിന്റെ വില തിട്ടപ്പെടുത്തി ആനുപാതികമായ നികുതി ഈടാക്കുകയും ചെയ്തു വരുന്നുണ്ട്.

6) നികുതി വെട്ടിപ്പ് തടയുന്നതിനെ കുറിച്ച് സമിതി പല യോഗങ്ങളിലും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ നികുതി വെട്ടിപ്പ് തടയുന്നതിനായി ഒരു സ്ഥിരം സംവിധാനം രൂപീകരിച്ചിട്ടുണ്ട്. നികുതി വെട്ടിപ്പ് നടത്തുന്നതായി പ്രഥമദൃഷ്ട്യാ വിവരങ്ങൾ ലഭ്യമായ വ്യാപാരസ്ഥാപനങ്ങളിൽ കട പരിശോധന നടത്തി കർശന നടപടി എടുക്കുന്ന സംവിധാനവും അന്തർ സംസ്ഥാന വ്യാപാരങ്ങളുടെ വിവരങ്ങൾ IB Wing ശേഖരിച്ച് വ്യാപാരികൾ ഫയൽ ചെയ്ത റിട്ടേണുമായി cross check ചെയ്ത് അവയുടെ നിജസ്ഥിതി ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. നികുതി വെട്ടിപ്പ സംശയിക്കുന്ന കേസുകളിൽ ഓഡിറ്റ് വിസിറ്റ് നടത്തുന്ന സംവിധാനവും നിലവിലുണ്ട്. മേൽപറഞ്ഞ വിവിധ നടപടികളിലൂടെ നികുതി വെട്ടിപ്പ് ഫലപ്രദമായി തടയാൻ കഴിഞ്ഞിട്ടുണ്ട്.

7) വൻ കിട വ്യാപാര മാളുകളിൽ പ്രവർത്തിക്കുന്ന ചെറുകിട കച്ചവട സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിനു തടസമായതിനാൽ അത്തരം വ്യാപാരികൾക്കു കൂടി അനായാസേന രജിസ്ട്രേഷൻ ലഭിക്കുന്നതിനായി രജിസ്ട്രേഷൻ നടപടികൾ ലഘൂകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ